തടസ്സവാദം

ബില്ലുകൾ യഥാസമയം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. വി. ടി. ബൽറാം: സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച 76-ാം ചട്ടത്തിൽ അവതരണത്തിന് ശേഷമുള്ള പ്രമേയങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അതിൽ ക്ലിപ്ത നിബന്ധനയുണ്ട്. അതിൽ വ്യക്തമായി പറയുന്നത്, "അങ്ങനെയുള്ള യാതൊരു പ്രമേയവും അവതരിപ്പിക്കാൻ പാടില്ലാത്തതും പ്രമേയം അവതരിപ്പിക്കുന്നതിന് മൂന്ന് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് ബില്ലിലെ പ്രതികൾ അപ്രകാരം ലഭിക്കാത്തപക്ഷം ഏതൊരു അംഗത്തിനും അങ്ങനെയുള്ള ഏതൊരു പ്രമേയം അവതരിപ്പിക്കുന്നതിന് എതിർക്കാവുന്നതും സ്പീക്കർക്ക് അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് അങ്ങനെയുള്ള പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കാത്തപക്ഷം ആ എതിർപ്പ് നിലനിൽക്കുന്നതുമാണെന്നുള്ളതാണ്". ഒരു സഭയിലെ അംഗങ്ങളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട അവകാശമാണ് ഇത്. അംഗങ്ങൾക്ക് ബില്ലിന്റെ അന്ത:സത്ത മനസ്സിലാക്കാനും ആഴത്തിൽ പഠിക്കാനും അതിനനുസൃതമായി ഈ ചർച്ചകളിൽ പങ്കെടുക്കാനുമുള്ള അവസരമാണ് ചട്ടത്തിലൂടെ ഉദ്ദേശിക്കുന്നത്. നേരത്തെ രണ്ട് പൂർണ്ണ ദിവസം

എന്നായിരുന്നു. 2010 മുതൽ അംഗങ്ങളുടെ ആവശ്യപ്രകാരം ഇതിന്റെ പ്രാധാന്യത്തെ മനസ്സിലാക്കികൊണ്ടാണ് മൂന്ന് ദിവസം എന്നാക്കി മാറ്റിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബിൽ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ലഭിച്ചത് ഇന്നലെ രാത്രി മാത്രമാണ്. ഒരു ദിവസം പോലും ഈ ബിൽ കാണാനോ പഠിക്കാനോ അതിന്റെ ഉള്ളടക്കം എന്താണെന്ന് ഓടിച്ചുനോക്കാനോയുള്ള സമയം പോലും ലഭിച്ചിട്ടില്ല. ഇത് ഈ സഭയുടെ അംഗങ്ങളുടെ അവകാശത്തെ കവർന്നെടുക്കുന്നതും നിയമനിർമ്മാണ മര്യാദകളെയും കീഴ്വഴക്കങ്ങളെയും ലംഘിക്കുന്നതും ജനാധിപത്യവിരുദ്ധവുമാണ്. നേരത്തെ ഇത്തരം സംഭവം ഉണ്ടായിട്ടുണ്ട്. 1980 ഡിസംബർ 11-ാം തീയതി സമാനമായ സാഹചര്യമുണ്ടായപ്പോൾ പരിഗണനയ്ക്കെടുക്കാൻ കാര്യ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ബില്ലുകളിൽ ആദ്യത്തെ ബില്ലായ 1980-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ പ്രസ്തുത ബില്ലും മറ്റൊരു ബില്ലും രണ്ട് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് സർക്കുലേറ്റ് ചെയ്തിട്ടില്ലെന്ന കാര്യം ചൂണ്ടിക്കാണിക്കപ്പെട്ടു. തൊട്ട് മുമ്പുള്ള സമ്മേളനത്തിൽ ഇതുപോലൊരു സംഭവം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മേലിൽ ആവർത്തിക്കുകയില്ലെന്ന് പറഞ്ഞിരുന്ന കാര്യവും ചൂണ്ടിക്കാണിച്ചു. അന്നത്തെ

ബഹുമാന്യനായ സ്പീക്കർ ഇതുസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്. അന്നത്തെ സ്പീക്കർ ബഹുമാന്യനായ എ. പി. കുര്യൻ ആണ്. അദ്ദേഹം നൽകിയ റൂളിംഗ് ഞാൻ വായിക്കാം. " കഴിഞ്ഞ നിയമസഭയിൽ തന്നെ ബിൽ പബ്ലിഷ് ചെയ്ത് രണ്ട് ദിവസം കഴിഞ്ഞിട്ടേ ചർച്ചയ്ക്ക് വരാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. അതല്ലാതെ ചർച്ചയ്ക്ക് വരുന്ന അവസരം ഉണ്ടാകരുതെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ മുന്നോട്ട് കൊണ്ടു പോകരുതെന്നാണ് ചെയറിന്റെ ആഗ്രഹം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച ഒന്നുരണ്ട് ബില്ലുകൾ പിന്നീട് പരിഗണനയ്ക്ക് എടുക്കാവുന്നതാണ്" . ഇതാണ് സഭയുടെ കീഴ്വഴക്കം. അന്ന് രണ്ട് ദിവസം എന്നായിരുന്നു. ഇന്ന് മൂന്ന് ദിവസം എന്നുള്ളതാണ് ക്ലിപ്ത നിബന്ധനയിൽ വളരെ വ്യക്തമായി പറയുന്നത്. അന്ന് കീഴ്വഴക്കം എന്ന് പറയുന്നത്, ഇങ്ങനെ തിരക്കുപിടിച്ചു അവതരിപ്പിച്ച ബിൽ പിന്നീട് ഒരു ദിവസം പരിഗണിക്കുവാൻ വേണ്ടി മാറ്റിവയ്ക്കുക എന്നുള്ള റൂളിംഗാണ് ഉണ്ടായത്. അത് അംഗങ്ങളുടെ അവകാശത്തെ സംരക്ഷിക്കുന്നതാണ്. ഇതുതന്നെയാണ് കേന്ദ്ര സർക്കാരും ചെയ്തു കൊണ്ടിരിക്കുന്നത്. പല നിർണ്ണായകമായ നിയമനിർമ്മാണങ്ങളും....

<u>മി. സ്പീക്കർ</u>: പ്രസംഗമൊന്നുമില്ല. അങ്ങയുടെ തടസ്സവാദം

ഉന്നയിച്ചിരിക്കുന്നു. അങ്ങ് ഇരിക്കണം.

ശ്രീ. വി. ടി. ബൽറാം: സർ, ഇത് ഒരു ജനാധിപത്യവിരുദ്ധമായ ട്രെന്റാണ്. അത് അങ്ങും മനസ്സിലാക്കണം. തീർച്ചയായും അങ്ങ് അത് അപ്രീഷ്യേറ്റ് ചെയ്യുമെന്ന് തന്നെയാണ് കരുതുന്നത്. കേന്ദ്രത്തിൽ ശ്രീ. അമിത് ഷാ പോലുള്ള ആളുകൾ ചെയ്യുന്ന രീതിയിലേയ്ക്ക് കേരള നിയമസഭയെ നോക്കുകുത്തിയാക്കി കൊണ്ട് ഇത്തരം നിയമനിർമ്മാണങ്ങൾ കൊണ്ടുവരുന്നത് ഉചിതമല്ല. അങ്ങ് അക്കാര്യത്തിൽ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസിന് അഥവാ 25-ാം നമ്പർ ഓർഡിനൻസിന് പകരമുള്ളതാണ്. പ്രസ്തുത ഓർഡിനൻസിലെ അതേ വ്യവസ്ഥകളാണ് ബില്ലിലുമുള്ളത്. ബിൽ പാസ്സായി പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചെലവ് ആവിർഭവിക്കുമെന്നതിനാൽ ബിൽ സഭ പരിഗണിക്കുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 207 (3) പ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെ ശിപാർശ ആവശ്യമായിവന്നു. ഇപ്രകാരമുള്ള

ചട്ടപ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് ബിൽ സർക്കുലേറ്റ് ചെയ്യുന്നതിൽ കാലതാമസമുണ്ടായി. ഭാവിയിൽ ഭരണപരമായ കാലതാമസമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ നിയമസഭാ നടപടിക്രമങ്ങളിലെ 76-ാം ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽനിന്ന് ഇളവുനൽകി ബിൽ അവതരിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ചട്ടപ്രകാരമുള്ള മൂന്ന് പൂർണ്ണദിവസങ്ങൾക്കുമുമ്പ് അംഗങ്ങൾക്ക് ലഭ്യമാക്കിയില്ലെന്ന കാര്യമാണ് തടസ്സവാദത്തിലൂടെ ശ്രീ. വി. ടി. ബൽറാം ഇവിടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്ത് സംഭവിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചു. ഇന്ന് പരിഗണിക്കേണ്ട ബില്ലിന്റെ പ്രതികൾ 28.10.2019-നാണ് സർക്കുലേറ്റ് ചെയ്യാൻ കഴിഞ്ഞത്. നടപടിക്രമം പൂർത്തീകരിച്ച് ബിൽ തയ്യാറാക്കി നിയമസഭയിൽ യഥാസമയം എത്തിക്കുന്ന കാര്യത്തിൽ സംഭവിച്ച കാലതാമസം മനഃപൂർവ്വമായിരുന്നില്ലെന്നും നിലവിലുള്ള

ഓർഡിനൻസിന്റെ വകുപ്പുകൾ മാത്രമാണ് അതിലുള്ളതെന്നും വിശദീകരിക്കപ്പെട്ട സാഹചര്യത്തിൽ ചട്ടം 76-ലെ വ്യവസ്ഥയിൽ ഇളവുവരുത്തി വിവേചനാധികാരം ഉപയോഗപ്പെടുത്തി ഈ ബിൽ അവതരിപ്പിക്കുന്നതിന് ചെയർ അനുമതി നൽകുകയാണ്. ഇത് കേരളത്തിലെ പ്രവാസി ലോകം പ്രതീക്ഷയോടെ കാത്തുനിൽക്കുന്ന ഒരു വിഷയമാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. മറ്റ് കാര്യങ്ങളുമായി താരതമ്യം ചെയ്യേണ്ട. ഭരണഘടനാപരമായ മാറ്റങ്ങൾ വരുത്തുന്ന ബില്ലുകളുമായി താരതമ്യം ചെയ്തുകൊണ്ട് ഇക്കാര്യത്തെ കൊണ്ടുവരുന്നത് നിർഭാഗ്യകരമായ രീതിയാണ്. ഏതായാലും വിവേചനാധികാരം 76-ാം വകുപ്പിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചെയർ അനുമതി നൽകുന്നു. നിയമനിർമ്മാണത്തിനായി ചേരുന്ന ഈ സമ്മേളനത്തിൽ സഭയുടെ പരിഗണനയ്ക്കായി വരേണ്ട മറ്റ് ബില്ലുകൾ ഇത്തരത്തിൽ കാലതാമസം വരുത്താതെതന്നെ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാൻ ബന്ധപ്പെട്ടവർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.